## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2540** **21/06/2012 ൽ മറുപടിക്ക്**

## പൊതു വിദ്യാഭ്യാസത്തിന്റെ നിലവാരക്കുറവ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. ഹംസ : | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരക്കുറവ് പരിഹരിക്കുന്നതിനായി എന്തെല്ലാം അടിയന്തിര നടപടികൾ സ്വീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ; | എ) | 1) സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമുയർത്തുന്നതിന് വേണ്ടി കഴിഞ്ഞ വർഷങ്ങളിൽ പിൻതുടർന്ന് വന്നിരുന്ന QEPR പദ്ധതി ഈ വർഷവും തുടരുന്നതാണ്. (എസ്.എസ്.എൽ.സി പരീക്ഷയിൽ ഏറ്റവും പിന്നോക്കം നിലനിന്നിരുന്ന സംസ്ഥാനത്തെ 104 സ്കൂളുകളെ പ്രത്യേക ശ്രദ്ധ നൽകി ഗുണനിലവാരം മെച്ചപ്പെടുത്തുവാനുള്ള പദ്ധതി).<br>2) 2011-12 വർഷം എസ്.എസ്. എൽ.സി പരീക്ഷയിൽ 65%- ൽ താഴെ റിസൽട്ട് ഉള്ള എല്ലാ ഗവമെന്റ്/എയ്ഡഡ് സ്കൂളുകളെയും ഈ വർഷം QEPR സ്കൂളുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) | അതിനായി 2012-13 വർഷത്തിൽ എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നത്; | ബി) | 413 ലക്ഷം രൂപ |
| സി) | വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും, അടിസ്ഥാന സൗകര്യ വികസനത്തിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; അതിനായി എത്ര തുക വകയിരുത്തിയിരിക്കുന്നു എന്ന് വെളിപ്പെടുത്തുമോ; | സി) | വിവരം ശേഖരിച്ചു വരുന്നു. |

(........2)

| | | | |
|---|---|---|---|
| ഡി) | സർക്കാർ സ്കൂളുകളെ അന്തർദേശീയ നിലവാരത്തിലുള്ളതാക്കി തീർക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | ഡി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ